ഓണററി ഡാക്ടർമാരുടെ എണ്ണം കുറച്ചിട്ടുണ്ട്. മൊത്തത്തിൽ ഫുൾടൈം ജോലി ചെയ്യാൻ റഗുലർ ഡാക്ടറന്മാരെ കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ഓണററി ഡാക്ടർമാരെ കുറയ്ക്കുകയാണു്. അത്യാവശ്യമെന്നു തോന്നുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനമാണു് ഇപ്പോൾ ആവശ്യമായിരിക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താലൂക്കു ആശുപത്രികളിലെ ഓണററി പാർട്ടൈം ഡാക്ടർമാരെ നിയമിക്കുന്ന സമ്പ്രദായത്തിൽ മലബാറിലും, തിരുവിതാംകൂർ–കൊച്ചിയിലും വ്യത്യസ്ത നടപടിയാണോ സ്വീകരിച്ചിട്ടുള്ളതു്. തിരുവിതാംകൂർ–കൊച്ചി ഭാഗത്തു് താലൂക്കു് ഹെഡ്കാർട്ടേഴ്സു് ആശുപത്രിയിൽ രണ്ടു് ഓണററി ഡാക്ടർമാരെ നിയമിക്കാൻ വ്യവസ്ഥയുണ്ടെന്നാണറിയുന്നതു്. വ്യത്യാസമുണ്ടെങ്കിൽ അതു് ഏകീകരിക്കുമോ? തിരുർ താലൂക്കു് ഹെഡ്കാർട്ടേഴ്സു് ആശുപത്രിയിലെ തസ്തിക നിറുത്തൽ ചെയ്തിരിക്കുന്നതിനാൽ അവിടത്തെ രോഗികൾക്കു് വളരെയധികം ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. ആ തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ തിരുവിതാംകൂർ–കൊച്ചിയിലും, മലബാറിലും വ്യത്യസ്തമായ വ്യവസ്ഥയില്ല. കേരളത്തിനു് മൊത്തമായിട്ടു് ബാധിക്കത്തക്ക വിധത്തിൽ റൂൾസ്പ്രൊയിം ചെയ്തതിന്റെ അടിസ്ഥാനത്തിലാണു് ഇപ്പോൾ മാറ്റം വരുത്തിയിട്ടുള്ളതു്.

രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണേഴ്സു്.

*499. [10] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് ഇപ്പോൾ എത്ര രജിസ്റ്റേർഡു് മെഡിക്കൽ പ്രാക്ടീഷണേഴ്സു് ഉണ്ടു്.

(ബി) ഡോക്ടർമാരുടെയും നഴ്സുകളുടെയും ദൗർല്ലഭ്യം ഇന്നും അനുഭവപ്പെടുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കുറവു പരിഹരിക്കുന്നതിനു് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 14136 പേർ

ഓരോ വിഭാഗത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സിന്റെ ഒരു സ്റ്റേറ്റുമെന്റു് * ഇതോടു് അനുബന്ധിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) സംസ്ഥാനത്തു് ഇപ്പോൾ നാലു മെഡിക്കൽ കോളേജുകൾ തുറന്നിട്ടുണ്ടു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഡാക്ടർമാരുടെ കുറവു് പരിഹരിക്കാമെന്നു പ്രതീക്ഷിക്കുന്നു. നേഴ്സിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിശീലനകേന്ദ്രങ്ങൾ തുറന്നും ഉള്ളവയിൽ തന്നെ പരിശീലനസൗകര്യം വർദ്ധിപ്പിച്ചും സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള അംഗീകാരം നൽകിയും ദൗർലഭ്യം പരിഹരിക്കാൻ ഗവണ്മെന്റു് ശ്രമിക്കുന്നുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സ്വകാര്യസ്ഥാപനങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ആക്സിലിയറി നേഴ്സിന്റേയും, മിഡ്വൈഫുകളുടെയും സേവനം ലഭിക്കുന്നതിനു അവരെ ഏജു് ബാറിൽനിന്നു ഒഴിവാക്കുന്ന കാര്യം ആലോചിക്കുമോ?

* Appendix III

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെന്റ് സർവ്വീസിൽ ഇപ്പോഴും വളരെ ഒഴിവുകളുണ്ട്. ഇങ്ങനെയുള്ളവരെ നിയമിക്കുന്നതിനു യാതൊരു തടസ്സവുമുണ്ടാകാൻ ഇടയില്ല നിയമനം നടത്തേണ്ടതു P. S. C. ആണ്.

ശ്രീമതി എ. നഫീസത്തുബീവി : ഡാക്ടർമാരുടെ കാര്യം പരിഹരിക്കാൻ ഇനിയും കാലതാമസം വരുമെന്നാണു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു, അങ്ങനെയാണെങ്കിൽ ആലപ്പുഴ ഡിസ്പെൻസറിയിൽനിന്നു ട്രാൻസ്ഫർ ചെയ്ത ഐ സ്പെഷ്യലിസ്റ്റിനെ വീണ്ടും അവിടെ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? അവിടെ ഐ സ്പെഷ്യലിസ്റ്റ് ഇല്ലാത്തതുകൊണ്ടു വളരെ വിഷമം നാട്ടുകാർ അനുഭവിക്കുന്നുണ്ട്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡാക്ടർമാരുടെ വിഷമം പരിഹരിക്കാൻ വളരെക്കാലമൊന്നും വേണ്ട ഈ പദ്ധതിയുടെ അവസാനത്തോടുകൂടി പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നതു. ആലപ്പുഴ ഡിസ്പെൻസറിയിൽ ഇപ്പോഴും ഐ സ്പെഷ്യലിസ്റ്റ് ഇല്ലാത്തതുനിമിത്തം കുറെ ബുദ്ധിമുട്ടുണ്ടെന്നു അറിയാം. പക്ഷേ കൊല്ലത്തെ ഐ സ്പെഷ്യലിസ്റ്റ് ആഴ്ചയിൽ രണ്ടു പ്രാവശ്യം ആലപ്പുഴ ആശുപത്രിയിൽ പോകുന്നുണ്ട്. സ്പെഷ്യലിസ്റ്റ്സ് ഇല്ലാത്തതുകൊണ്ടാണു പ്രത്യേകം നിയമിക്കാത്തതു.

ശ്രീ. കെ. അനിരുദ്ധൻ : സ്പെഷ്യലിസ്റ്റ്സ് കുറവാണെന്നു പറഞ്ഞു. തിരുവനന്തപുരത്തു മെഡിക്കൽ കാളേജാശുപത്രിയിൽ ഡെന്റൽ കാളേജിൽ നിന്നു അടുത്തകാലത്തു പാസ്സായി പുറത്തുവന്നിട്ടുള്ള ഡാക്ടർമാർക്കു ജോലി നൽകാൻ സാധിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതു ഡെന്റൽ കാളേജിലെ ഡാക്ടർമാരെ സംബന്ധിച്ച ചോദ്യമല്ല. അവിടെ ഇപ്പോഴും ജോലിയില്ലാതെ ആരെങ്കിലും ഉണ്ടോ എന്നു അറിവില്ല. അങ്ങനെ ഉണ്ടെങ്കിൽ ശ്രദ്ധയിൽ പെടുത്തിയാൽ അന്വേഷിക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കൊല്ലത്തെ ഐ സ്പെഷ്യലിസ്റ്റ് 900 രോഗികളുള്ള നൂറനാട് കുഷ്ഠരോഗാശുപത്രിയിലും പോകണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കയാണു. ഡാക്ടർ വിചാരിച്ചാൽതന്നെ സാധിക്കാത്ത നിലയുള്ള നൂറനാട് ആശുപത്രിയിലേക്കു ഒരു പ്രത്യേക ഐ സ്പെഷ്യലിസ്റ്റിനെ നിയമിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഐ സ്പെഷ്യലിസ്റ്റിനെ കിട്ടാത്തതുകൊണ്ടാണു നിയമിക്കാതിരിക്കുന്നതു. കായംകുളം ഹാൻഡിനെ കിട്ടാത്തതുകൊണ്ടാണു വിഷമം. അടുത്ത കാലത്തു പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സു കഴിഞ്ഞു വരുന്ന ഒരു സ്പെഷ്യലിസ്റ്റിനെ കിട്ടാൻ സാദ്ധ്യതയുണ്ട്.

ശ്രീ. എ. എ. റഹീം : വളരെയധികം രോഗികളുള്ള കൊല്ലം ആശുപത്രിയിലെ സ്പെഷ്യലിസ്റ്റിനെ ട്രെയിനിംഗ് ഡാക്ടറായി നിയമിക്കുന്നതു വിഷമമായതുകൊണ്ട്, ആ ഡാക്ടറെ കഴിയുന്നതും അങ്ങനെ അയയ്ക്കാതിരിക്കാൻ ഏർപ്പാടുചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കൂടുതൽ ആളിനെ കിട്ടുന്നതുവരെ ഈ നടപടി സ്വീകരിക്കുകയല്ലാതെ നിവൃത്തിയില്ല.

വിലക്കയറ്റത്തിനെതിരായ നിരാഹാരസത്യാഗ്രഹം

* 500. [11] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തിനെതിരായി സ്റ്റേറ്റിലെവിടെയെങ്കിലും സക്കാർ ആഫീസുകളുടെമുമ്പാകെ നിരാഹാരസത്യാഗ്രഹം നടക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please answer to starred question No.* 499 (10)]

	Part A	Part B	Enlistment	Total
Allopathy	1727	610	158	2495
Homoeopathy	100	1504	252	1856
Indigenous	1848	7354	583	9785
Total	3675	9468	993	14136

APPENDIX IV

[*Please see answer to starred question No.* 506 (6)]

Recommendation of Mr. George M. watts made in his Preliminary report to check sea erosion.

I. The five alternate methods of stabilising the shore along the coast suggested are:-

(a) Sand dike (comparable to a sand dune) with beach fill fronting the dike and periodic nourishment to maintain dike and beach to design dimensions.

(b) A sloping faced seawall with beach fill fronting the seawall and periodic nourishment of the beach to maintain design dimensions.

(c) A sloping faced seawall with groynes, the groyne compartments initially filled by artificial means and periodic nourishment to maintain design dimensions of the beach in the groyne system.

(d) A sloping faced seawall, and

(e) Groynes with compartments initially filled by artificial means and periodic nourishment to maintain design dimensions of the beach in the groyne system.

II. A long range data collection programme and field studies for a minimum period of three years for designing any shore protection work on an overall plan for the State shore line, should be initiated as soon as possible.

III. Formulation of a Commission or Board by the Central Government to provide views and recommendations to State Governments on the overall planning and treatment of programmes to develop the most effective and economical solution to their coastal problems.

IV. Priority be given to the collection of field data on the location of inland sources of sand along the coast which could be readily transferred to the critical areas of erosion.

V. Construction of rubble seawall be carried out in critical areas, utilising appropriate design of structure, height, slope and armour stone sizes before the 1964 monsoon period.

LIBRARY ARCHIVES Kerala Legislative Assembly